1997-98 - നഷ്ടം 1275 ലക്ഷം രൂപ

1998-99 - നഷ്ടം 816 ലക്ഷം രൂപ (ആഡിറ്റിനു വിധേയം)

(ബി) ഉണ്ട്.

(സി)-(എഫ്) ടി.സിസി.യിൽ വൈദ്യുതിയുടെ ഉപയോഗം കൂടുതലു ള്ളതുകൊണ്ട് വൈദ്യുതിയുടെ നിരക്കിലുണ്ടായ വർദ്ധന കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കമ്പനിയുടെ പ്രധാന ഉൽപ്പന്നമായ കാസ്റ്റിക്സോഡായുടെ വിലയിടിവാണ് പ്രതിസന്ധിക്കുള്ള മറ്റൊരു കാരണം.

കേരളാ വ്യവസായ പുനരുദ്ധാരണഫണ്ടിൽനിന്നും ധനസഹായം നൽകുന്നതു സംബന്ധിച്ച് വിവിധ മേഖലയിലുള്ള പൊതുമേഖലാ വ്യവ സായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചുകഴിഞ്ഞു. രാസവ്യവസായ സെക്ടറിനുവേണ്ടിയുള്ള കമ്മിറ്റിയിൽ ടി.സി.സി യുടെ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. കമ്പനികളിൽ നിന്നുള്ള ധനസഹായത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളിൽ മേൽ ടി കമ്മിറ്റി വിശദമായ പഠനം നടത്തി മാർഗ്ഗരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ ഓരോ കമ്പനിക്ക് എത്ര രൂപ വീതം നൽകാൻ കഴിയുമെന്ന് പറയാൻ സാധി ക്കുകയുള്ളു. താഴെ പറയുന്ന കാര്യങ്ങളാണ് ഉല്പാദന രംഗത്ത് കമ്പനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്:

(i) കമ്പനിയിലെ 100 ടൺ മെബ്രേയിൽ സെൽ പ്ളാന്റിൽ സെല്ലു കളുടെ എണ്ണം കൂട്ടി ഉല്പാദനശേഷി 125 ടൺ ആക്കി വർദ്ധിപ്പിക്കുക.

(ii) കമ്പനിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹൈഡ്രജൻ ഗ്യാസ് വിൽപ്പനയ്ക്ക് സജ്ജമാക്കുക.

(iii) കമ്പനിയിലെ വേസ്റ്റ് ക്ളോറിൻ കോസ്റ്റിക് സോഡ ഉപ യോഗിച്ച് സോഡിയം ഹൈപ്പോക്ളോറൈറ്റ് ഉല്പാദിപ്പിക്കുക.

(iv) വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്ന 100 ടൺ മെർക്കുറി സെൽ പ്ളാന്റ് മെബ്രേയിൽ സെൽ പ്ളാന്റ് ആക്കി മാറ്റുക.

(v) 15 മെഗാവാട്ട് ചെറുകിട ഹൈഡൽ പവർ പ്രോജക്ട് സ്ഥാപി ക്കുക.

കാർഷികവിളാധിഷ്ഠിത വ്യവസായങ്ങൾ

18 (2815)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികവിളകളെ അസംസ്കൃത വസ്തു വാക്കി നടത്താവുന്ന വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി ഒരു കാർഷികവിളാധിഷ്ഠിത വ്യവസായത്തിനുള്ള പദ്ധതി ആവിഷ്കരിക്കുമോ;

(ബി) ഗ്ലൂക്കോസ് ഉല്പാദിപ്പിക്കുന്നതിനുള്ള വ്യവസായം സംസ്ഥാ നത്തു പൊതുമേഖലയിലാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ രംഗത്ത് സ്വീകാര്യ സംരംഭകർക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഷികവിളകൾ അസംസ്കൃത വസ്തുവാക്കിയുള്ള ചില വ്യവസായങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.ണ കൂടുതൽ കാർഷികവിള കളെ ഉൾപ്പെടുത്തി കാർഷികവിളാധിഷ്ഠിത വ്യവസായത്തിനുള്ള ഒരു പദ്ധതി ഇപ്പോൾ കൃഷിവകുപ്പിന്റെ പരിഗണനയിലുണ്ട്.

(ബി) തൽക്കാലം വ്യവസായ വകുപ്പിന് ഉദ്ദേശമില്ല.

(സി) സാധാരാണ നിയമം അനുവദിക്കുന്ന സഹായങ്ങൾ അവർക്കു ലഭിക്കും.

പാംലഹറിന്റെ ഉൽപ്പാദന വിപണന സാദ്ധ്യതകൾ

19 (2816)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാംലഹറിന്റെ ഉൽപ്പാദനം ഏതൊക്കെ ഫാക്ടറികളിലാണ് നടത്തുന്നത്; ഈ ഫാക്ടറികൾ എന്നാണ് സ്ഥാപിക്കപ്പെട്ടത്;

(ബി) ഇവയുടെ മെഷിനറിക്ക് എന്തു തുക ചെലവായി എന്ന് വ്യക്ത മാക്കുമോ;

(സി) ഇവയുടെ ദൈനംദിന ഉൽപ്പാദനശേഷി എത്രയാണ്;

(ഡി) 1999 ജനുവരി 1 മുതൽ 1999 മെയ് 31 വരെയുള്ള ദൈനംദിന ഉൽപ്പാദന വിപണനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കേരളത്തിൽ എവിടെയെല്ലാം ഇപ്പോൾ പാംലഹർ വിപണനം നടത്തുന്നുണ്ട്;

(എഫ്) വിപണനത്തിന് ഏതു രീതിയാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(ജി) പാംലഹറിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് എത്രപേർ ഫാക്ടറികളിൽ പണിയെടുക്കുന്നു; ഇതിനായി ഇവരുടെ പ്രത്യേക യോഗ്യത കൾ എന്തെല്ലാമാണ്;

(എച്ച്) പാംലഹറിന്റെ വിപണനത്തെ ദോഷകരമായി ബാധിക്കുന്ന എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പാംലഹറിന്റെ ഉൽപ്പാദനം തിരുവന്തപുരം ജില്ലയിൽ കൊറ്റാ മത്തു സ്ഥിതിചെയ്യുന്ന ഫാക്ടറിയിലും കൊല്ലം ജില്ലയിൽ വടക്കേവിള പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഫാക്ടറിയിലുമായാണ് നടക്കുന്നത്. കൊറ്റാമത്തുള്ള ഫാക്ടറി 1996, ഫെബ്രുവരി മാസത്തിലും കൊല്ലത്തുള്ള ഫാക്ടറി 1998 നവംബറിലുമാണ് സ്ഥാപിക്കപ്പെട്ടത്.

(ബി) 3 ലക്ഷം രൂപാ ചെലവായിട്ടുണ്ട്.

(സി) ദൈനംദിന ഉൽപ്പാദനശേഷി ചുവടെ ചേർക്കുന്നു :-

കൊറ്റാമം യൂണിറ്റ് - 4360 കുപ്പി (ഒരു ദിവസം 2 ഷിഫ്റ്റ്)

കൊല്ലം യൂണിറ്റ് - 5040 കുപ്പി (ഒരു ദിവസം 3 ഷിഫ്റ്റ്)

(ഡി) ഉൽപ്പാദനം

കൊല്ലം യൂണിറ്റ് - 1,27,896 കുപ്പി

കൊറ്റാമം യൂണിറ്റ് - 51,008 കുപ്പി

LIBRARY ARCHIVES Kerala Legislative Assembly